II ഇ.ബി. XIII-കേരള നിയമസഭ/XII-10

# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

## 2014 ഡിസംബർ 15, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(സഭാനടപടികളാരംഭിച്ചയുടനെ പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം അവരവരുടെ ഇരിപ്പിടങ്ങളിൽനിന്ന് എഴുന്നേറ്റ് ബഹു. ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി രാജിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ബാനറുകളും പ്ലക്കാർഡുകളും ഉയർത്തി മുദ്രാവാക്യം മുഴക്കി ചോദ്യോത്തരവേള തടസ്സപ്പെടുത്തുകയുണ്ടായി.)

### വാങ്മൂലം നൽകിയ ഉത്തരം

24 (*301) വനശ്രീ യൂണിറ്റുകൾ

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) നൽകിയ മറുപടിയിൽ, വനങ്ങളിൽനിന്നും ആദിവാസികൾ ശേഖരിക്കുന്ന തടിയേതര വനവിഭവങ്ങൾ മൂല്യവർദ്ധനവ് നടത്തി

വനശ്രീ വിൽപ്പനശാലകൾ വഴി വിൽപ്പന നടത്തി ലഭിക്കുന്ന അധിക വരുമാനത്തിലൂടെ വനാശ്രിത സമൂഹത്തിന്റെ ജീവനോപാധി വർദ്ധിപ്പിക്കുകയാണ് വനശ്രീ യൂണിറ്റുകളുടെ ഉദ്ദേശ്യലക്ഷ്യമെന്ന് സഭയെ അറിയിച്ചു. തടിയേതര വനവിഭവങ്ങളുടെ സുസ്ഥിര പരിപാലനം, ശാസ്ത്രീയമായ ശേഖരണം, മൂല്യവർദ്ധന, വിപണനം എന്നിവ നിർവ്വഹിക്കുന്നതിന് പങ്കാളിത്ത വന പരിപാലന സ്ഥാപനങ്ങളായ വന സംരക്ഷണ സമിതികളുടെയും ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, വനപ്രദേശത്തെ തടിയേതര വിഭവങ്ങളുടെ ലഭ്യത സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുക, സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തുക, വിപണന സൗകര്യങ്ങൾ ഒരുക്കുക എന്നീ പ്രവർത്തനങ്ങളിലൂടെ ഈ ലക്ഷ്യം നിറവേറ്റിവരുന്നു. വനവിഭവങ്ങളുടെ ശേഖരണം, മൂല്യവർദ്ധന, വിപണനം എന്നിവയ്ക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ ദേശീയ ഔഷധ സസ്യബോർഡിന്റെ സഹായത്തോടെ 2008-09 മുതൽ 114.029 ലക്ഷം രൂപയുടെയും 2014-15-ൽ 214 ലക്ഷം രൂപയുടെയും പദ്ധതികൾ നടപ്പാക്കിവരുന്നു. വനശ്രീ യൂണിറ്റുകളുടെ മേൽനോട്ടത്തിനായി വന വികാസ ഏജൻസികളിൽ  പ്രത്യേക കമ്മിറ്റികളെ ചുമതലപ്പെടുത്തുകയും പ്രവർത്തനഫണ്ട് സമയത്തിന് ലഭ്യമാക്കുവാനായി റിവോൾവിംഗ് ഫണ്ട് രൂപീകരിക്കുകയും

സംസ്ഥാന വന വികാസ ഏജൻസിയുടെ കീഴിൽ വനശ്രീ സെല്ലിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വനശ്രീ വിഭവങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും പായ്ക്കിംഗ് മെച്ചപ്പെടുത്തുന്നതിനും മറ്റ് വിപണന തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിനും കൺസൾട്ടന്റിനെ ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. വനശ്രീ യൂണിറ്റുകളുടെ കണക്കുകൾ സമയബന്ധിതമായി ഓഡിറ്റ് ചെയ്യാനും ഉല്പന്നങ്ങൾ ഓൺലൈനായി വിൽക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. വനത്തിൽ നിന്നും ശേഖരിച്ച് ശുദ്ധി ചെയ്ത് മൂല്യവർദ്ധനവ് വരുത്തിയ തേൻ, കസ്തൂരി മഞ്ഞൾ, കുന്തിരിക്കം, ഇഞ്ച, കുരുമുളക്, ഏലം, കുടംപുളി, രാമച്ചം, മുളയരി, കല്ലൂർ വഞ്ചി, കരിങ്ങാലി എന്നീ വിഭവങ്ങളും മറയൂർ ശർക്കര, ശബരീജലം എന്നിവയും വനാശ്രിത സമൂഹം തയ്യാറാക്കുന്ന പുൽതൈലം, യൂക്കാലി തൈലം, പെയിൻ ബാം, ദന്തപ്പാല എണ്ണ, തേൻ, നെല്ലിക്ക തുടങ്ങിയവയും കേരള വന വികസന കോർപ്പറേഷൻ തയ്യാറാക്കുന്ന ചന്ദനതൈലം, ചന്ദനത്തടി കഷണം എന്നിവയും ഔഷധിയുമായി ചേർന്ന് ആയുർവ്വേദ ഉല്പന്നങ്ങളും വനശ്രീ യൂണിറ്റുകൾ വഴി വിപണനം ചെയ്യുന്നുണ്ട്. വനവിഭവ ശേഖരണത്തിലേർപ്പെടുന്ന ആദിവാസികൾക്ക് വിപണി വിലയുമായി ബന്ധപ്പെട്ട് ഉടനടി പ്രതിഫലം നൽകാൻ നടപടി സ്വീകരിച്ചുവരുന്നു.

(പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസിന് ചുറ്റും നിന്ന് തുടർച്ചയായി മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ ബഹു. ഡെപ്യൂട്ടി സ്പീക്കർ രാവിലെ 8.36-ന് ചോദ്യോത്തരവേളയുടെ ശേഷിക്കുന്ന ഭാഗവും ശ്രദ്ധക്ഷണിക്കൽ, സബ്മിഷൻ എന്നിവയും റദ്ദു ചെയ്തുകൊണ്ട് കാര്യവിവരപ്പട്ടികയിലെ അടുത്ത നടപടികളിലേയ്ക്ക് കടന്നു).

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 3632 മുതൽ 3991 വരെയുള്ള ചോദ്യങ്ങളിൽ 197 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)